# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2768 — 14/02/2013 -ൽ മറുപടിക്ക്

## കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) കേരള കർഷക തൊഴിലാളി ക്ഷേമ നിധി ബോർഡിൽ നിന്നും ലഭ്യമാകേണ്ടുന്ന ആനുകൂല്യങ്ങൾ രണ്ടുലക്ഷത്തോളം വരുന്ന അർഹരായവർക്ക് വർഷങ്ങളായി ലഭിച്ചിട്ടില്ലാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) പ്രസ്തുത സാഹചര്യം സംജാതമായിട്ടുള്ളതിന്റെ കാരണം സംബന്ധിച്ച വിശദാംശം അറിയിക്കാമോ; | (ബി) ബോർഡിന്റെ പ്രധാന വരുമാനമാർഗ്ഗങ്ങൾ തൊഴിലാളികളിൽ നിന്നുള്ള അംശദായവും ഭൂവുടമാ വിഹിതവുമാണ്. നിലവിൽ തൊഴിലാളികളിൽ നിന്നുള്ള അംശദായവിഹിതം പ്രതിമാസം 5/- രൂപ നിരക്കിലും ഭൂവുടമാ വിഹിതം 40 ആറിനു മുകളിൽ പ്രതിവർഷം ഓരോ ആറിനും 25 പൈസ നിരക്കിലുമാണ്. ഈ വരുമാനം ലക്ഷക്കണക്കിന് വരുന്ന തൊഴിലാളികൾ സമർപ്പിക്കുന്ന ക്ഷേമാനുകൂല്യ അപേക്ഷകളിൽ ആനുകൂല്യം നൽകുന്നതിന് മതിയാകുന്നതല്ല. |
| (സി) സാമ്പത്തികമായ ബാദ്ധ്യതകളാൽ കേരള കർഷക തൊഴിലാളി ക്ഷേമ നിധി ബോർഡിന്റെ പ്രവർത്തനങ്ങൾ | (സി) & (ഡി) ബോർഡിന്റെ സാമ്പത്തിക സ്രോതസ് വിപുലപ്പെടുത്തുന്നതിനും സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനുമായി തൊഴിലാളി |

സ്തംഭനാവസ്ഥയിലാകുന്നുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലായെങ്കിൽ അടിയന്തിര സാമ്പത്തിക സഹായം അനുവദിച്ച് ബോർഡിന്റെ പ്രവർത്തനങ്ങൾ സജീവമാക്കുമോ?

കളിൽ നിന്നുള്ള അംശദായ വിഹിതം 5/- രൂപയിൽ നിന്ന് 10/- രൂപയാക്കി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂവുടമാ വിഹിതം, 40 ആർ മുതൽ 200 ആർ വരെ ഭൂമി കൈവശം ഉള്ളവർക്ക് നിലവിൽ നിശ്ചയിച്ചിട്ടുള്ള നിരക്കായ 25 പൈസ നിരക്കിലും 200 ആറിൽ അധികം കൃഷിഭൂമിയുള്ള ഭൂവുടമകളിൽ നിന്നും അധികം വരുന്ന ഓരോ ആറിനും 50 പൈസയാക്കി നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ പരിഗണനയിലാണ്. കൂടാതെ 2012-13 സാമ്പത്തിക വർഷത്തിൽ ബോർഡിന് അംശദായമിനത്തിൽ വകയിരുത്തിയിട്ടുള്ള 61.00 ലക്ഷം രൂപ ലേബർ കമ്മീഷണർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

JSK/